# Weekly Devotions March 2018

## ഭൂമിയിൽ തടസ്സപ്പെടുന്ന പ്രാർത്ഥനകൾ

## (The prayers resisted on earth)




ഒരു ഗ്രാമത്തിൽ അയൽവാസികളായ രണ്ട് വിധവകൾ പാർത്തിക്കുന്നു. അതിൽ ഒരുവൾ ആരോടും കരുണയോ, സ്നേഹമോ ഇല്ലാത്തവളായിരുന്നു. അയൽവാസിയായ സാധുവിധവയേയും മക്കളെയും തന്റെ ദുഷിച്ച നാവിനാൽ അവൾ നിരന്തരം ഉപദ്രവിച്ചിരുന്നു. എപ്പോൾ ഉപദ്രവം ഏറ്റാലും അവൾ തിരിച്ച് ഉപദ്രവിക്കാതെ പ്രാർത്ഥിക്കുക മാത്രമാണ് ചെയ്തത്. സാധുവിധവയും മക്കളും പ്രാർത്ഥിക്കുന്ന ശബ്ദം കേൾക്കുമ്പോൾ ദുഷിച്ചവളും വായ് തുറക്കും. പക്ഷേ അതു താൻ മാത്രം നന്നാകണേ എന്നും അയൽവാസി നശിക്കേണമേ എന്നും പറയുവാനും ആയിരുന്നു.

ഒരു രാത്രി ആ ഗ്രാമത്തെ ഭയപ്പെടുത്തുന്ന വൻനാശം വിതച്ചൊരു കൊടുങ്കാറ്റും പേമാരിയും ഉണ്ടായി. ഉറപ്പും ബലവും ഉണ്ടെന്ന് മനുഷ്യർ കരുതിയത് പലതും നശിച്ചു. കരുണയില്ലാത്ത വിധവയുടെ വീടും ചുറ്റുപാടും കാറ്റിൽ തകർന്നു. അപ്പോഴും അടുത്ത വീട്ടിലെന്തു നടന്നു എന്നായിരുന്നു അവൾ നോക്കിയത്. ആ സാധുസ്ത്രീയുടെ കുടിൽ ദൈവം സംരക്ഷിച്ചു. പലരും അത്ഭുതമായി അതുകണ്ടു. കാരണം തിരക്കിയ ദുഷിച്ച അസൂയയുടെ മൂർത്തിഭാവമായ വിധവയോട് അവർ പറഞ്ഞത് ഈ കുടിലിന്റെ പ്രധാനതൂണിൽ പിടിച്ച് ഞാനും മക്കളും ഈ കുടിലിനു വേണ്ടിയും ഗ്രാമവാസികളുടെ ജീവനും സ്വത്തിനും വേണ്ടിയും പ്രാർത്ഥിച്ചു. മറ്റൊന്നും ഞങ്ങൾക്കറിയില്ല എന്ന് പറഞ്ഞു. പ്രീയരേ! നന്മയുടെ പ്രാർത്ഥന കേൾക്കുന്ന യഹോവ തിന്മയുടെ പ്രാർത്ഥന തിരസ്കരിക്കുന്നു. അതായത് ഭൂമിയിൽ വച്ചു തന്നെ ദുഷ്ടന്റെ പ്രാർത്ഥന തടസ്സപ്പെടുന്നു.

**Job** (16:18)ൽ ഭൂമിയേ- എന്റെ നിലവിളി എങ്ങും തടഞ്ഞുപോകരുതേ എന്ന് കാണുന്നു. ഒരു വ്യക്തിയുടെ നിലവിളി അവന്റെ പ്രാർത്ഥനയാണ്. അവൻ എന്നെ വിളിക്കും ഞാൻ ഉത്തരം പറയുകയില്ല എന്ന് ദൈവ വചനം മുന്നറിയിപ്പ് തരുന്നത് ശ്രദ്ധിക്കുക. യഹോവ അപ്രകാരം പറയണമെങ്കിൽ അതിന്റെ കാരണം നമ്മുടെ പ്രാർത്ഥന ഉത്തരം കിട്ടാത്തതായി മാറുന്നു എന്നാണ്. ഇതിനുള്ള എട്ട് കാരണങ്ങൾ വചനത്തിൽ നിന്നു തന്നെ കണ്ടെത്താം.

**പ്രാർത്ഥന തടയുന്ന അഷ്ടപാപങ്ങൾ**

| | Read | |
|---|---|---|
| 1, അനുസരണക്കേട് | | ആവ :1 :42-45 |
| | | 1 ശമു:14:32,33,37 |
| 2, രഹസ്യപാപം | | സങ്കീ(66,18) |
| 3, അലക്ഷ്യപാപം | | സദൃ (1:24,25) |
| 4, കരുണയില്ലായ്മ | | സദൃ (21:13) |
| 5, ന്യായപ്രമാണം തള്ളിക്കളയൽ | | (സദൃ:28:9) |
| 6, കൈകളിൽ രക്തം | | യെശ:(1:15) |
| 7, അധർമ്മം | | യെശ:(59:2) |
| 8, ദുശ്ശാഠ്യം | | സെഖ: (7:13) |

ഈ അഷ്ടപാപങ്ങളുടേയും നിറകുടങ്ങളായിരുന്നു ഏലിപുരോഹിതന്റെ രണ്ട് ആൺമക്കളും എന്ന് 1 ശമു:2:12-17 വരെയുള്ള വാക്യങ്ങളിൽ നിന്ന് മനസ്സിലാക്കാം. ഏലി എന്ന പിതാവിന് തെറ്റ് ചൂണ്ടിക്കാട്ടുകയും മക്കളെ തിരുത്തുവാനുള്ള സമയം നൽകുകയും ചെയ്ത ദൈവം സമയ പരിധി കവിയുമ്പോൾ തന്റെ ശിക്ഷ നടപ്പാക്കുകയും ചെയ്യുന്നവനാണ്. യഹോവയെക്കാൾ കൂടുതൽ മക്കളെ ബഹുമാനിച്ച് പുരോഹിതന്റെ കുടുംബം പൂർണ്ണമായി നശിച്ചു. Read 1 ശമു :(1:29-34)

ഈ അഷ്ടാപാപങ്ങളിൽ ഏതെങ്കിലും നമ്മിൽ ഉണ്ടോ? ഇവ പാരമ്പര്യശാപങ്ങളിൽ നമ്മെ വേട്ടയാടുന്നു. നമ്മുടെ പാപങ്ങളും, ദൈവീക നിർദ്ദേശങ്ങൾ അവഗണിച്ച പൂർവ്വീകരുടെ പാപങ്ങളും ദാനിയേലിനെപ്പോലെ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുക. (ദാനി 9:4-19) വിശ്വാസത്തോടെ സകലതും ഏറ്റുപറയുന്നവന് യഹോവ പ്രാർത്ഥനയുടെ മറുപടി നൽകുകയും ചെയ്യും. അപ്രകാരം നമ്മുടെ പ്രാർത്ഥനാവിഷയങ്ങൾക്ക് മറുപടി ഏറ്റെടുക്കുവാൻ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind